# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ. എം. പി. അജിത് കുമാർ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, ശ്രീ. കെ. സി. ജോസഫ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ എന്നിവർക്ക് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ആയി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 155/2013/തസ്വഭവ തീയതി, തിരുവനന്തപുരം 21/01/2013

==========================================================================

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 21/11/2012, 19/12/2012, 28/12/2012, 08/01/2013 എന്നീ തീയതികളിലെ ഇ11-310/12 നമ്പർ കത്തുകൾ..

## ഉത്തരവ്

ശ്രീ. എം. പി. അജിത്കുമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇൻഫർമേഷൻ കേരള മിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി തുടരുന്നതിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 19/09/2012 മുതൽ ഒരു വർഷത്തേക്ക് നിരാക്ഷേപപത്രം അനുവദിക്കുകയുണ്ടായെന്നും ടിയാൻ ഇൻഫർമേഷൻ കേരള മിഷനിൽ തുടരുന്ന സാഹചര്യത്തിൽ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന് തൊട്ടുതാഴെയുള്ള ശ്രീ. കെ. സി. ജോസഫിന് ശ്രീ. ജെ. സദാനന്ദൻ 30/11/2012-ൽ വിരമിച്ച ഒഴിവിൽ കെ.എസ് & എസ്. എസ്.ആർ ചട്ടം 31 എ(i) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശത്തിലെ 21/11/2012-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

തുടർന്ന്, ശ്രീ. എം. പി. അജിത് കുമാറിന് പഞ്ചായത്ത് അഡീഷണൽ ഡയറക്ടറായി ഉദ്യോഗക്കയറ്റം ലഭിച്ചാലും നിലവിലെ ഡെപ്യൂട്ടേഷൻ കാലാവധിയായ 18/09/2013 വരെ ഇൻഫർമേഷൻ കേരളാ മിഷനിൽ തുടരാൻ താൽപ്പര്യമുണ്ടെന്നും ടിയാനെ 18/09/2013 വരെ ഇൻഫർമേഷൻ കേരളാ മിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി നിലനിറുത്തുന്നതിന് സമ്മതമാണെന്ന് ഇൻഫർമേഷൻ കേരളാ മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ചെയർമാൻ അറിയിച്ചിട്ടുള്ളതായും ശ്രീ. എം. പി. അജിത്കുമാറിന് അഡീഷണൽ ഡയറക്ടറായി പ്രൊമോഷൻ നൽകിയാലും ഇൻഫർമേഷൻ കേരള മിഷനിൽ ടിയാനെ 18/09/2013 വരെ നിലനിറുത്തുന്നതിന് പഞ്ചായത്ത് വകുപ്പിന് സമ്മതമാണെന്നും ശ്രീ. കെ. സി. ജോസഫ് 31/03/2013-ന് വിരമിക്കുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇപ്പോൾ ഇൻഫർമേഷൻ കേരളാ മിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. എം. പി. അജിത് കുമാറിന് കെ. എസ് & എസ്. എസ്. ആർ ചട്ടം 31 എ(i) പ്രകാരം പഞ്ചായത്ത് അഡീഷണൽ ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ടിയാന്റെ നിലവിലെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്ന 18/09/2013 വരെ ഇൻഫർമേഷൻ കേരളാ മിഷനിൽ ഗ്രൂപ്പ് ഡയറക്ടറായി തുടരാൻ അനുവാദം നൽകിയും, ശ്രീ. എം. പി. അജിത്കുമാർ പ്രൊമോഷൻ നേടി ഡെപ്യൂട്ടേഷനിൽ നിലനിൽക്കുന്നതുവഴി, പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഉണ്ടാകുന്ന അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് അടുത്ത ഊഴക്കാരനായ ശ്രീ. കെ. സി. ജോസഫിനെ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറായി KS&SSR; ചട്ടം 31 എ (i) പ്രകാരം താല്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി നിയമനങ്ങൾ അടുത്ത വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ വച്ച് ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് ഡയറക്ടർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജോയികുട്ടി. എം,**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. പി. അജിത്കുമാർ, (പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ) ഗ്രൂപ്പ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. കെ. സി. ജോസഫ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം,
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
**അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ.**
**ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.**
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ.*

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*